**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 657 | **27.04.2017**-ലെ മറുപടിക്ക്

**കോതമംഗലത്തെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ കോതമംഗലം മണ്ഡലത്തിൽ നിന്നും ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; | (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ കോതമംഗലം മണ്ഡലത്തിൽ നിന്നും മുണ്ണൂർ കോളനിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | ഈ കോളനികളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | (ബി) | താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളിൽ നിന്നും മുണ്ണൂർ കോളനിക്കാവശ്യമായവ, മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി നടപ്പാക്കാനാണുദ്ദേശിക്കുന്നത്.<br>1.കോളനിക്കുള്ളിലുള്ള റോഡ്/നടപ്പാത<br>2. ആശയ വിനിമയ സംവിധാനം<br>3. കുടിവെള്ള പദ്ധതി<br>4. ഡ്രെയിനേജ് സംവിധാനം<br>5.വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം.<br>6. സോളാർ തെരുവു വിളക്ക്<br>7. സാനിട്ടേഷൻ<br>8. വീട് പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജ്ജനം<br>10.പൊതുസൗകര്യം മെച്ചപ്പെടുത്തൽ, കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ജലസേചന സൗകര്യം<br>13. അടുക്കളത്തോട്ടം<br>14. വനിതകൾക്കുള്ള വരുമാനദായക പദ്ധതികൾ (മൃഗസംരക്ഷണം, കൃഷി, നെയ്ത്ത്, തയ്യൽ തുടങ്ങിയവ) |

| | | | |
|---|---|---|---|
| (സി) | ഏത് നിർവ്വഹണ ഏജൻസിയാണ് നവീകരണ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | എറണാകുളം ജില്ലാ നിർമ്മിതി കേന്ദ്രമാണ് നവീകരണ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത്. |
| (ഡി) | ഇതിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി കോളനിയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് ജില്ലാ നിർമ്മിതി വകുപ്പുമായി MOU ഒപ്പ് വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ